കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പത്തനാപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ . കെ എൽ എം/
പി.9-1862/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 17/10/2024
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ . കെ എൽ എം/ പി.9-1862/24 തീയ്യതി: 17/10/2024

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ ജി.	ഡെപ്യൂട്ടി ഡയറക്ടർ	23-09-2024	01-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-09-2024	01-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു.റ്റി, ഓഡിറ്റ് ഓഫീസർ.
ശ്രീ അനീഷ്.വി.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ സുനിൽകുമാർ യു.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അഖിൽ എസ്, ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.തുളസി എസ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.താഹി.റ്റി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2023	04-07-2023
ശ്രീ. ബിജു.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-07-2023	13-07-2023
ശ്രീ.ബി. പ്രശാന്ത്	സെക്രട്ടറി	14-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി സൌമ്യ ബി നായർ	കൃഷിഓഫീസർ	01-04-2023	31-03-2024
ഡോ. സജീന പി.എ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ. രാജീവ്. ആർ	അസിസ്റ്റൻറ് എൻജിനീയർ	01-04-2023	31-03-2024
ഡോ.അനീഷ് ജോർജ്ജ്	മെഡിക്കൽ ഓഫീസർ പി. എച്ച്. സി.	01-04-2023	15-05-2023
ഡോ.ലിഷ.സി	മെഡിക്കൽ ഓഫീസർ പി. എച്ച്. സി.	16-05-2023	07-08-2023
ഡോ. റ്റോം വി തോമസ്	മെഡിക്കൽ ഓഫീസർ പി. എച്ച്. സി.	08-08-2023	31-10-2023
ഡോ.രെശ്മി.ജി	മെഡിക്കൽ ഓഫീസർ പി. എച്ച്. സി.	01-11-2023	31-03-2024
ശ്രീമതി ബ്ലസ്സി ജോസ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	06-06-2023
ശ്രീമതി ശാരിക എ.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	07-06-2023	31-03-2024
ശ്രീ.അനിൽകുമാർ.എസ്.ആർ	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീമതി ഗ്രീഷ്മ.ജി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-08-2023
ശ്രീ. പ്രഭുലാൽ ആർ.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-09-2023	31-03-2024
ശ്രീ. സുരേഷ് കുമാർ.എസ്	വി.ഇ.ഒ.	01-04-2023	05-07-2023
ശ്രീ. സിബി മാത്യൂസ്	വി.ഇ.ഒ.	06-07-2023	31-03-2024
ഡോ. ലക്ഷ്മി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	20-07-2023
ഡോ.പ്രീത നായർ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	21-07-2023	31-03-2024
ശ്രീമതി താഹി.റ്റി	അസി.സെക്രട്ടറി	01-04-2023	03-07-2023
ശ്രീ ശിവകുമാർ എസ്.	അസി.സെക്രട്ടറി	14-07-2023	04-09-2023
ശ്രീ. ബിജു.എസ്	അസി.സെക്രട്ടറി	07-09-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	ധനകാര്യ കമ്മീഷൻ ഗ്രാന്റ് കണക്ക് -ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-3
5	B-4, B-9 ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല/ കൃത്യമല്ല	1-1-4
6	Web Saankhya ACR -AFS പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല	1-1-5
7	ജേണൽ വൗച്ചർ അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല	1-1-6
8	മുൻകൂർ നൽകിയ തുകയുടെ വിശദാംശം ലഭ്യമല്ല	1-1-7
9	വസ്തു നികുതി-സഞ്ചയ-വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല	1-1-8
10	വായ്പ കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-9
11	സ്ഥിര നിക്ഷേപം കണക്ക് പൊരുത്തപ്പെടുന്നില്ല-255745 രൂപ വ്യത്യാസം	1-1-10
12	രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം	1-4
16	പദ്ധതി അവലോകനം	1-5
17	തൊഴിലുറപ്പ് പദ്ധതി	1-6
18	ക്ഷേമപെൻഷൻ	1-7
19	ക്യാഷ് പരിശോധന	1-8
20	ആഭ്യന്തര നിയന്ത്രണം	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	തറവിസ്തീർണ്ണത്തിന് ആനുപാതികമായി നികുതി നിർണ്ണയിച്ചില്ല	1-11
23	ആൻഡ്രിയ റീജൻസി ,ഹോട്ടൽ & റെസ്റ്റോറന്റ്- നികുതി കുടിശ്ശിക 921136/-രൂപ	1-12
24	വാടകയിനത്തിൽ 2,30,870/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു.	1-13
25	മാട്ടിറച്ചി ലേലം 375760/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു	1-14
26	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-15
27	വയോജനങ്ങൾക്ക് കട്ടിൽ-നിർവ്വഹണത്തിലെ അപാകതകൾ	1-16
28	"ആർദ്രം" പദ്ധതി നിർവഹണത്തിലെ അപാകതകൾ	1-17
29	ലൈഫ് ഭവന പദ്ധതി - ഫയൽ കൃത്യമായി പരിപാലിക്കുന്നില്ല	1-18
30	അങ്കണവാടി പോഷകാഹാരം- കേന്ദ്രവിഹിതമായി ലഭിച്ച 93187/-രൂപ നഷ്ടമായി	1-19
31	ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - സമയബന്ധിതമായി പൂർത്തീകരിക്കണം.	1-20
32	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-21
33	നവകേരള സദസ്സ് സംഘാടനം-ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.	1-22
34	മൂല്യനിർണയ സാക്ഷ്യപത്രം ഇല്ലാതെ ഭവനപുനരുദ്ധാരണത്തിന് 52000/- രൂപ അവസാന ഗഡു അനുവദിച്ചു -ചെലവ് തടസ്സപ്പെടുത്തുന്നു	1-23
35	ടെണ്ടർ കുറവ് വരുത്തിയിട്ടില്ല-കരാറുകാരന് അധികം തുക നൽകി	1-24
36	മൂല്യനിർണയ സാക്ഷ്യപത്രം ഇല്ലാതെ ഭവനപുനരുദ്ധാരണത്തിന് 160000/- രൂപ അവസാന ഗഡു അനുവദിച്ചു -ചെലവ് തടസ്സപ്പെടുത്തുന്നു	1-25
37	ലൈഫ് ഭവന പദ്ധതി ഗുണഭോക്താവിന് - 60,000/- രൂപ അധികം അനുവദിച്ചു. ചെലവ് നിരാകരിക്കുന്നു	1-26
38	ഭവനപുനരുദ്ധാരണം-മുല്യ നിർണയത്തിലും അധികമായി 1,78,415/- രൂപ അനുവദിച്ചു-ചെലവ് നിരാകരിക്കുന്നു	1-27
39	ഹരിത കർമ്മ സേന രസീത് ബുക്കുകൾ അച്ചടിച്ച ഇനത്തിൽ 8700/-രൂപ അധികം നൽകി ചെലവ് നിരാകരിക്കുന്നു	1-28

40	ഹരിത സഹായ സംഘങ്ങൾക്ക് സഹായം- അനുബന്ധ ചെലവ് രേഖകൾ ഹാജരാക്കിയില്ല.227030/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-29
41	പാലിയേറ്റീവ് മരുന്ന് ലഭ്യമായില്ല	1-30
42	പൾസ് പോളിയോ ദിനം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല,ചെലവ് തടസ്സപ്പെടുത്തുന്നു	1-31
43	ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായിട്ടില്ല	1-32
44	ഹരിതകർമ്മ സേന–പ്രവർത്തനാവലോകനം	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ലൈഫ് ഭവന പദ്ധതി ഗുണഭോക്താവിന്-60,000/-രൂപ അധികം അനുവദിച്ചു. ചെലവ് നിരാകരിക്കുന്നു	3-1
2	ഭവനപുനരുദ്ധാരണം-മുല്യ നിർണയത്തിലും അധികമായി 178415/-രൂപ അനുവദിച്ചു-ചെലവ് നിരാകരിക്കുന്നു	3-2
3	ഹരിത കർമ്മ സേന രസീത് ബുക്കുകൾ അച്ചടിച്ച ഇനത്തിൽ 8700/-രൂപ അധികം നൽകി ചെലവ് നിരാകരിക്കുന്നു	3-3
4	ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം തുക നൽകി	3-4
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.06.2024 തീയതിയിലെ I-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 28.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം-കൊല്ലം
തീയതി-17-10-2024

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് =3,58,35,505/-രൂപ
മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = -8,30,491/-രൂപ
വ്യത്യാസം =3,66,65,996/-രൂപ

1-1-3 ധനകാര്യ കമ്മീഷൻ ഗ്രാന്റ് കണക്ക് -ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

എ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിവിധ രേഖകളിൽ ഫണ്ട് നീക്കിയിരുപ്പിൽ വ്യത്യാസം

	ബാങ്ക് അക്കൗണ്ട് നം. 40585101033564 പ്രകാരം നീക്കിയിരുപ്പ്(₹)	ഇ -ഗ്രാം സോഫ്റ്റ് വെയർ പ്രകാരം നീക്കിയിരുപ്പ്(₹)	ILGMS ലെഡ്ജർ പ്രകാരം നീക്കിയിരുപ്പ്(₹)	ഇ-ഗ്രാം രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ്(₹)
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്	7875181 (-)85258 ---------- 77899923/-	5940240/-	1053435/-	5940240/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്		284679/-	6736488/-	284679/-
		6224919/-	7789923/-	6224919/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്/ബേസിക് എന്നിവ പരിപാലിക്കുന്ന ബാങ്ക് അക്കൗണ്ട് നം. 40585101033564 ൽ നിന്നും 2023-24 ൽ ആകെ 4085782/-രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ആയതിൽ 2090022/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബേസിക് ഫണ്ട് പ്രോജക്ടുകൾക്കായി 1876815/-രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് പ്രോജക്ടുകൾക്കായി 2090022/-രൂപയും, ഫൈൻ ഇനത്തിൽ 3657/-രൂപയും, വിവിധ റിക്കവറി ഇനത്തിൽ 115288/-രൂപയുമാണ് പിൻവലിച്ചത്. എന്നാൽ പ്രസ്തുത പിൻവലിക്കൽ വാർഷിക കണക്കിലെ വിവിധ ലെഡ്ജറുമായി (320200104, 320200113, 350200207, 350200208, 350200203, 350200201) പൊരുത്തപ്പെടുത്തുന്നില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രോജക്ടുകളിൽ നിന്നും നടത്തുന്ന റിക്കവറികൾ-ധനകാര്യ കമ്മീഷൻ ഗ്രാന്റ് രജിസ്റ്ററിൽ കൃത്യമായി നടത്താത്തതും, ഇ-ഗ്രാം സസ്പെൻസ് അക്കൗണ്ടിൽ ഡെബിറ്റ്/ക്രെഡിറ്റ് എൻട്രി കൃത്യമായി നടത്താത്തതും, തൻ വർഷം എ.സി.ആർ ൽ ഉൾപ്പെടാത്ത ചെലവുകൾ ബാങ്ക് അക്കൗണ്ട് നം.40585101033564-ൽ നിന്നും പിൻവലിക്കപ്പെടുന്നത് സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കാത്തതും, ഇ-ഗ്രാം സോഫ്റ്റ്വെയറിൽ ഫണ്ട് റസീപ്റ്റ് എൻട്രിയിലെ അപാകതയും കാരണമാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് കണക്കുകൾ പൊരുത്തപ്പെടാതിരിക്കുന്നത്.

1-1-4 B-4, B-9 ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല/കൃത്യമല്ല

ക്രമ നം	അക്കൗണ്ട് ശീർഷകം	B-4 ഷെഡ്യൂളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക(₹)	അപാകത
1	320100152	89678/-	നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല.
2	320200305	683/-	നീക്കിയിരുപ്പ് തുകയുടെ ആധികാരികത വ്യക്തമല്ല.
3	320700204	491396/-	ജോയിന്റെ വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പ് തുകയില്ല.
4	320700205	20218/-	ജോയിന്റെ വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പ് തുകയില്ല.
5	320800101	69391/-	ഗൂണഭോക്തൃ വിഹിതം നീക്കിയിരുപ്പ് ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല.
6	350400701	2539530/-	KWA യിൽ നിന്നും 2022-23 സാമ്പത്തിക വർഷം ചെക്ക് നം 927484 തീയതി 30/05/2022 പ്രകാരം 1841000/-രൂപയും ചെക്ക് നം 366195/27-03-2023 പ്രകാരം 277970/-രൂപയും തിരികെ വന്നു. എന്നാൽ ഏതെല്ലാം ഗ്രാന്റുകളിൽ നിന്നും ചെലവഴിച്ച തുകകളാണ് തിരികെ ലഭിച്ചത് എന്നതിന് വ്യക്തതയില്ല.

1-1-5 Web Saankhya ACR -AFS പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല

2023-24 സാമ്പത്തിക വർഷം വിവിധ ഫണ്ടുകളിൽ ACR പ്രകാരമുള്ള ചെലവും AFS പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഇനം	AFS പ്രകാരമുള്ള ചെലവും I-6 ൽ വരവായി കണക്കാക്കിയ ചെലവ് തുക+Capital Contribution (₹)		Acr പ്രകാരമുള്ള ചെലവ് + സ്രോതസ്സിൽ കുറവ് ചെയ്ത തുക(₹)	വ്യത്യാസം (₹)	അപാകത
വികസന ഫണ്ട് – എസ്.സിപി	I-6	8194083/-	9258891/-	1064808/-	പ്രോജക്ട് നം 72/23-24 ൽ 1064808/-രൂപ ACR ൽ അധികമായി ചെലവ് രേഖപ്പെടുത്തി
മെയിന്റനൻസ് ഫണ്ട് – റോഡ്	I-6	11852474/-	13710674/-	1858200/-	പ്രോജക്ട് നം 197/23, 308/23, 151/23, എന്നിവയുടെ ചെലവായ 1858200/-രൂപ ട്രഷറിയിൽ 2023-24 ൽ പേയ്മെന്റ് ആയിട്ടില്ല. 2024-25 ൽ Bill Discounting ഓപ്റ്റ് ചെയ്തത്
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്	I-6	1115909/-	2113220/-	997311/-	വ്യക്തമല്ല
ശുചിത്വ മിഷൻ + TSC	I-6	1939991/-	സാനിറ്റേഷൻ = 22869901/-	929910/-	വ്യക്തമല്ല
ഐ.സി.ഡി.എസ്	I-6	865993/-	1092727/-	226734/-	വ്യക്തമല്ല
ഹെൽത്ത് ഗ്രാന്റ് – ഡയഗനോസ്റ്റിക്	I-6	1358444/-	1072203/-	486239/-	2022-23 എ.സി.ആർ ൽ ഉൾപ്പെട്ട 486239/-രൂപയുടെ ചെലവ് 2023-24 വാർഷികകണക്കിൽ ഉൾപ്പെടുത്തി
ഹെൽത്ത് ഗ്രാന്റ്-വെൽനസ്സ്		199998/-			
ആകെ		1558442/-			

1-1-6 ജേണൽ വൗച്ചർ അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല

ജേണൽ വൗച്ചർ അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല

ശീർഷകം	ജേണൽ നം	ഡെബിറ്റ് തുക	ക്രെഡിറ്റ് തുക	അപാകത
TSC 320100181	42301456/ 31-03-2024	1939991/-		2023-24 സാമ്പത്തിക വർഷം പ്രോജക്ട് നം-226/23-24-ൽ 1820433/-രൂപയും പ്രോജക്ട് നം-250/23-24-ൽ 32100/-രൂപയും പ്രോജക്ട് നം-214/23-24-ൽ 32100/-രൂപയും പ്രോജക്ടുകളിൽ ഉൽപ്പെടുത്താതെ ചെക്ക് നം 24065 തീയതി- 13/04/2023 പ്രകാരം 129540/-രൂപയും , ചെക്ക് നം- 24073 തീയതി- 26/04/2023 പ്രകാരം 54586/-രൂപയും ഉൾപ്പടെ ആകെ-2068759/-രൂപ ചെലവും ആണ് ഉള്ളത്.
320100196 ICDS	42301457/ 31.03.24	865993/-		പ്രോജക്ട് നം.3,5 എന്നിവ പ്രകാരം ആകെ ചെലവ് -10,92,727/-രൂപ

1-1-7 മുൻകൂർ നൽകിയ തുകയുടെ വിശദാംശം ലഭ്യമല്ല

മുൻകൂർ നൽകിയ തുകയുടെ വിശദാംശം ലഭ്യമല്ല

ക്രമ നം	**അക്കൗണ്ട് ശീർഷകം**	**B-18ഷെഡ്യൂളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക(₹)**
1	460100103	160859/-
3	460500201	345590/-

4	460500204	146844/-
4	460500501	300000/-

1-1-8 വസ്തു നികുതി-സഞ്ചയ-വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി-സഞ്ചയ-വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല

ഇനം	31/03/2024 ൽ AFS തയ്യാറാക്കുന്നതിന് എടുത്ത സഞ്ചയ ഡാറ്റ പ്രകാരം(₹)	വാർഷിക കണക്ക് പ്രകാരം(₹)	വ്യത്യാസം (₹)
വസ്തു നികുതി-റസിഡെൻഷ്യൽ -കറണ്ട് കളക്ഷൻ 431100101	4066056/-	4263048/-	196992/-
വസ്തു നികുതി-റസിഡെൻഷ്യൽ അഡ്വാൻസ് കളക്ഷനിൽ നിന്നും 2023-24ലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതുക-431100101	15339/-	0	15339/-
വസ്തു നികുതി-റസിഡെൻഷ്യൽ -അഡ്വാൻസ് കളക്ഷൻ 350410101	2479/-	3432/-	953/-
വസ്തു നികുതി-നോൺ റസിഡെൻഷ്യൽ -കറണ്ട് കളക്ഷൻ 431100103	5435444/-	5243448/-	191996/-

1-1-9 വായ്പ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

KURDFC യിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ, KFC യിൽ നിന്നും ഷോപ്പിങ് കോംപ്ലക്സിനുള്ള വായ്പ എന്നിവയുടെ കണക്കുകളിലെ അപാകത ചുവടെ ചേർക്കുന്നു

1. ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ

	(ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ മുന്നിരുപ്പ് മുൻഓഡിറ്റ് റിപ്പോർട്ട് പ്രകാരം)(₹)	ലെഡ്ജർ (330500201)(₹)
മുന്നിരുപ്പ്	12179021/-	124872994/-
വരവ്	220000/-	220000/-
തിരിച്ചടവ്	1300315/-	1300315/-
നീക്കിബാക്കി	11098706/-	123792679/-

2. KFC യിൽ നിന്നും ഷോപ്പിങ് കോംപ്ലക്സിനുള്ള വായ്പ

	ലോൺ രജിസ്റ്റർ പ്രകാരം(₹)	ലെഡ്ജർ(₹)
മുന്നിരുപ്പ്	169103045/-	51472178/-
വരവ്	35488487/-	35488487/-
തിരിച്ചടവ്	0	0
നീക്കിബാക്കി	204591532/-	86960665/-

1-1-10 സ്ഥിര നിക്ഷേപം കണക്ക് പൊരുത്തപ്പെടുന്നില്ല-255745 രൂപ വ്യത്യാസം

സ്ഥിര നിക്ഷേപം കണക്ക് പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....)	രസീത് നം	31/03/2023 ലെ നീക്കിയിരുപ്പ് തുക (രൂപ)
കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ	0071653	1,93,315/-

കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ	0071651	9,82,668/-
കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ	0071652	21,94,178/-
		33,70,161/-

കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖയിൽ നടത്തിയിട്ടുള്ള 3 സ്ഥിര നിക്ഷേപങ്ങൾ 91 ദിവസം വച്ച് പുതുക്കുന്നു. 2023-24 സാമ്പത്തിക വർഷം 209950/- രൂപ സ്ഥിര നിക്ഷേപ പലിശ ഇനത്തിൽ അക്കൗണ്ട് നം 115412801000067 ൽ വരവ് വയ്ക്കുന്നു. ലെഡ്ജർ നം 420800101 പ്രകാരം 3114416/- രൂപയാണ് സ്ഥിര നിക്ഷേപ നീക്കിയിരുപ്പ് വാർഷിക കണക്കും ഓഡിറ്റിന് ഹാജരാക്കിയ പത്രികകളും തമ്മിൽ 255745/-രൂപ വ്യത്യാസം ഉണ്ട്.

1-1-11 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

എ) ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ വിതരണ/തിരിച്ചടവ് രജിസ്റ്റർ,

ബി) ലൈഫ് ഭവന പദ്ധതിക്കായുള്ള സ്റ്റേറ്റ് ഷെയർ വിതരണരജിസ്റ്റർ,
സി) അഡ്വാൻസ് രജിസ്റ്റർ
ഡി) ഡെപ്പോസിറ്റ് രജിസ്റ്റർ

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 30.03.23 ലെ 1(1) നമ്പർ തീരുമാനപ്രകാരവും, റിവൈസ്ഡ് ബജറ്റ് 02.03.24 ലെ 5(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം)

മുന്നിരിപ്പ്	3,01,22,421/- രൂപ
വരവ്	9,48,86,816/- രൂപ
ആകെ	12,50,09,237/- രൂപ
ചെലവ്	9,57,17,307/- രൂപ
നീക്കിയിരിപ്പ്	2,92,91,930/- രൂപ
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം	2,52,487/-രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	13,73,221/- രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിബാക്കി ₹
വികസന ഫണ്ട്-ജനറൽ	0	22387000/-	22387000/-	20590262/-	1796738/-
വികസന ഫണ്ട്-എസ്.സി.പി	0	10973000/-	10973000/-	8194083/-	2778917/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്(ബാങ്ക്)	288884/-	3707000 + 150691(Int) …… 3857691/-	4146575/-	3093140/-	1053435/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്(ബാങ്ക്)	5071897/-	2780500/-	7852397/-	1115909/-	6736488/-
മെയിന്റനൻസ്, റോഡ്	0	13712,000/-	13712,000/-	11852474/-	1859526/-
മെയിന്റനൻസ്,നോൺ-റോഡ്	0	2910,000/-	2910,000/-	2835086/-	74914/-
MNREGS	598563/-	1626827 +4940 …….. 1631767/-	2230330/-	2230330/-	0
റ്റി.എസ്.സി	22,11,642/-	0	2211642/-	1939991/-	271651/-
ICDS	632120/-	1912726/-	2544846/-	865993/-	1678853/-
ലൈബ്രറി ഗ്രാന്റ്	35,590/-	0	35,590/-	0	35,590/-
ഹെൽത്ത് ഗ്രാന്റ്-Diagnostic Infra	5,43,841/-	1033000+14634(പലിശ) …….	1591475/-	1358444/-	233031/-

		1047634/-			
ഹെൽത്ത് ഗ്രാന്റ്-Conversion Of PHCs	335969/-	426000+2122+(2022-23(പലിശ)) +12960/-(പലിശ) …… 441082	777051/-	199998/-	577053/-
സാക്ഷരത	0	9755/-	9755/-	0	9755/-
ലൈഫ് സ്റ്റേറ്റ് വിഹിതം	3,00,000/-	7,00,000/-	10,00,000/-	0	10,00,000/-

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്, ബേസിക്, റ്റി.എസ്.സി (സാനിറ്റേഷൻ), ലൈഫ് സ്റ്റേറ്റ് വിഹിതം എന്നിവയുടെ കൃത്യമായകണക്ക് പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. 2022-23 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹിച്ചിട്ടില്ല ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള കണക്കാണ് ഉൾപ്പെടുത്തിയത്. വിശദാംശം വാർഷികകണക്കുകളുടെ അപാകതയിൽ പരാമർശിച്ചിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
290	51,03,27,317/-	160	9,00,44,358/-		130	55

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	ഒ.ബി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	സി.ബി ₹
അഡ്മിനിസ്ട്രേറ്റീവ് ചെലവ് MGNREGS അക്കൗണ്ട്	598563/-	1626827 +4940 = 1631767/-	2230330/-	2230330/-	0/-
തൊഴിലാളികളുടെ കൂലി	0	63100358/-	63100358/-	63100358/-	0
സ്കിൽഡ്/സെമിസ്കിൽഡ്	0	508650/-	508650/-	508650/-	0
മെറ്റീരിയൽ	0	5462847/-	5462847/-	5462847/-	0
ആകെ	**598563/**	**70703622/-**	**71302185/-**	**71302185/-**	**0/-**

1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)
കർഷകതൊഴിലാളി പെൻഷൻ	38,43,800/-
വിധവാപെൻഷൻ	1,52,56,300/-
വാർദ്ധക്യകാലപെൻഷൻ	3,67,18,700/-
ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പെൻഷൻ	40,01,400/-
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	2,30,400/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25/09/2024 03.05 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20316/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. കൈകൊണ്ടെഴുതുന്ന രസീതുകൾ മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്.
ധനകാര്യ വകുപ്പിന്റെ 16/11/2017 ലെ സഉ.(പി) നം 147/2017 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് DBT ചെയ്യുന്നതിനായി ട്രഷറിയിൽ IFMS സംവിധാനം ഉപയോഗപ്പെടുത്തണം എന്ന് നിർദ്ദേശമുണ്ടായിരിക്കെ, തുക നിർവഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് മാറി നൽകുന്നു. വൗച്ചറുകൾ ILGMS ൽ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ പദ്ധതി സംബന്ധിച്ച പൂർണമായ രേഖകൾ ലഭ്യമല്ല.

ലൈഫ് ഭവനപദ്ധതി, ഷോപ്പിംഗ് മാൾ നിർമ്മാണം എന്നിവയ്ക്കായി KURDFC, KFC എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിരിക്കുന്ന തുകയിൽ ഒടുക്കുവാനവശേഷിക്കുന്ന തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ക്യത്യമല്ല. സ്ഥിര നിക്ഷേപം കണക്ക് പൊരുത്തപ്പെടുന്നില്ല-255745/-രൂപ വ്യത്യാസമുണ്ട്.
ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ വിവിധ നിക്ഷേപങ്ങൾ തിരികെ നൽകിയത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്നും കുറവ് ചെയ്തിട്ടില്ല. തനത് ഫണ്ട് അക്കൌണ്ട് (കേരള ഗ്രാമീൺ ബാങ്ക് A/C No. 40585100002544)-ൽ നിന്നും വിവിധ Benificiary അക്കൌണ്ടുകളിലേയ്ക്ക് NEFT/RTGS ചെയ്യുന്നതിന് UTR റിപ്പോർട്ട് പൂർണ്ണമായും സൂക്ഷിക്കുന്നില്ല.
അങ്കണവാടി പോഷകാഹാരം-കേന്ദ്രവിഹിതമായി ലഭിച്ച 93187/-രൂപ നഷ്ടമായിട്ടുണ്ട്. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഭരണസമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16/12/2022	7/2022 മുതൽ 9/2022 വരെ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	10/01/2017 മുതൽ 21/01/2017 വരെ	2011-12 മുതൽ 2015-16 വരെ	21/02/2017

1-11 തറവിസ്തീർണ്ണത്തിന് ആനുപാതികമായി നികുതി നിർണ്ണയിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേകം വസ്തു നികുതി ചുമത്തേണ്ടതുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ ശ്രീ.എൻ.സാബു, ഹമീദിയ ബിൽഡിംഗ്, ചേരാന്നൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 478/1-D സർവ്വേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള 1817ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിടത്തിനെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തി. 478/1-D സർവ്വേ നമ്പറിൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 500 ച.മീറ്ററിൽ കൂടുതൽ ആയതിനാൽ ച.മീറ്ററിന് 90 രൂപ നിരക്കിൽ ഈടാക്കേണ്ടതിന് പകരമായി 500 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് (@75) നിശ്ചയിച്ചതിനാൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു. (22.06.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ച നിരക്ക്)

ക്രമനം	വാർഡ് നമ്പർ കെട്ടിട നമ്പർ	ഉടമയുടെ പേര്	ച.മി	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി@75 രൂപ	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി @90 രൂപ	അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക(രൂപ)
1	10/553	ശ്രീ.എൻ.സാബു, ഹമീദിയ ബിൽഡിംഗ്	448.96	33678/-	40406/-	6728/-
2	10/554		449.84	33738/-	40486/-	6748/-
3	10/555		433.95 (ഒന്നാംനില)	32546/-	39056/-	6510/-
4	10/556		485.05 (ഒന്നാംനില)	36379/-	43655/-	7276/-
			ആകെ	**1,36,341/-**	**1,63,603/-**	**27,262/-**

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി 17/30.09.24

1-12 ആൻഡ്രിയ റീജൻസി ,ഹോട്ടൽ & റെസ്റ്റോറന്റ്- നികുതി കുടിശ്ശിക 921136/-രൂപ

ആർച്ച് ആന്റണി, ആർച്ച് വ്യൂ (ആൻഡ്രിയ റീജൻസി, ഹോട്ടൽ & റെസ്റ്റോറന്റ്) എന്നയാളുടെ ഉടമസ്ഥതയിലുള്ള 11/794, 795, 796 എന്നീ നമ്പരുകൾ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 സാമ്പത്തിക വർഷം വരെയുള്ള നികുതി (പലിശ സഹിതം) 921136/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ നികുതി 31.03.2022-ലെ 000452-ാം നമ്പർ ചെക്ക് മുഖന ഫ്രണ്ട് ഓഫീസിൽ ഒടുക്കിയെങ്കിലും, അക്കൌണ്ടിൽ പണമില്ലാത്തിനെ തുടർന്ന് ചെക്ക് തിരികെ വരുകയും ഇതേ തുടർന്ന് ഗ്രാമപഞ്ചായത്ത് ടിയാനെതിരെ കേസ് ഫയൽ ചെയ്യുകയും ചെയ്തു. കേസ് നിലനിൽക്കുന്നതിനെ തുടർന്ന്

തുടർവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ 2023-24 വർഷം വരെ 921136/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 5.1.24 ലെ 6(1) നമ്പർ തീരുമാന പ്രകാരം നികുതി ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. നികുതി ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം-20/30.09.24

1-13 വാടകയിനത്തിൽ 2,30,870/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

പത്തനാപുരം, മാങ്കോട് എന്നീ സ്ഥലങ്ങളിൽ ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ ചുവടെ ചേർക്കുന്ന കടമുറികളുടെ വാടകയിനത്തിൽ 2023-24 സാമ്പത്തിക വർഷം 2,30,870/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

റും നമ്പർ	ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലം	വാടകക്കാരന്റെ പേര്	പ്രതിമാസ വാടക	ഈടാക്കാൻ അവശേഷിക്കുന്ന തുക(ജി.എസ്.ടി+ പലിശ സഹിതം)
145	പത്തനാപുരം	ശ്രീ.സൂരജ്, പാലമൂട്ടിൽ	11464+2064(GST)	176748/-രൂപ
39 SP7	മാങ്കോട്	ശ്രീമതി സൌദാബീവി, കൊല്ലംകോണിൽ	3465+624(GST)	54122/-രൂപ
		ആകെ		**2,30,870/-രൂപ**

കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി നൽകി. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി, വാടക കുടിശ്ശിക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം- 3/26.09.24

1-14 മാട്ടിറച്ചി ലേലം 375760/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു

പത്തനാപുരം പഞ്ചായത്ത് വക മാർക്കറ്റിനകത്തെ സ്റ്റാളുകളിലും, പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള സ്റ്റാളുകളിലും അംഗീകൃത കശാപ്പ്ശാലകളിൽ നിന്നും ശേഖരിക്കുന്ന മാട്ടിറച്ചി, വ്യാപാരം നടത്തുന്നതിനുള്ള അവകാശം ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ലേല അവകാശം സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തികൾ ലേലത്തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

സ്റ്റാളിന്റെ പേര്	ലേലത്തുക	ലേലം അംഗീകരിച്ച കമ്മിറ്റി തീരുമാനം	ഈടാക്കാൻ അവശേഷിക്കുന്ന തുക
ഇടത്തറ-മാട്ടിറച്ചി ലേലം	200000/-രൂപ	20.03.2023 ലെ 1 (3)	85000/-രൂപ
മൂലക്കട-മാട്ടിറച്ചി ലേലം	301000/-രൂപ	11.05.2023 ലെ 5 (3)	201000/-രൂപ
പത്തനാപുരം-മാട്ടിറച്ചി ലേലം	182000/-രൂപ	20.03.2023 ലെ 1 (7)	89760/-രൂപ
ആകെ			**375760/-രൂപ**

ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തികൾ ലേലത്തുക 2 തവണകളായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും, രണ്ടാമത്തെ ഗഡു 31.10.2023 ന് മുമ്പായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണമെന്നും, നിശ്ചിത തീയതിക്കകം തുക ഒടുക്കാത്തവരുടെ ലേല അവകാശം റദ്ദ് ചെയ്ത് പുനർലേലം നടത്തുന്നതാണെന്നും ലേല നിബന്ധനയിൽ (9,12) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലേല നിബന്ധനയിലെ വ്യവസ്ഥ പ്രകാരമുള്ള തുടർനടപടി ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ചില്ല. ലേലത്തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. ലേല നിബന്ധന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, റവന്യൂ റിക്കവറി സംബന്ധിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകുയറി 4/26.09.24

1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുക്കുന്നത് കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.സ്ഥാപന തൊഴിൽ നികുതി

ഒടുക്കുവരുത്താത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.
01. SGM തെക്കേടത്ത് ഹോസ്പിറ്റൽ
02. അയ്യപ്പ ഫ്യൂവൽ സ്റ്റേഷൻ
03. ആർ ജി ഹോസ്പിറ്റൽ
04. അൽ അമീൻ പബ്ലിക് സ്കൂൾ
05. DDRC ലബോറട്ടറി
ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതും, തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകയറി 19/30-09-2024

1-16 വയോജനങ്ങൾക്ക് കട്ടിൽ-നിർവ്വഹണത്തിലെ അപാകതകൾ

നിരാലംബരായ 60 വയസ്സ് കഴിഞ്ഞ (ജനറൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട) വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ പറയും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ പേര്	പ്രോജക്ടിന്റെ നമ്പർ	വകയിരുത്തിയ തുക(₹)	ഫണ്ടിനം	ചെലവഴിച്ച തുക(₹)	ബിൽ നമ്പർ/ തീയതി
വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ)	6/24	413250/-	വികസനഫണ്ട്	412250/-	39/26-03-24-97750/- 42/26-03-24-97750/- 43/26-03-24-97750/- 44/25-03-24-21250/- 51/25-03-24-97750/-
വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.സി.)	7/24	413250/-	(വികസനഫണ്ട്) എസ്.സി.പി.	344250/-	48/26-03-24-344250/-

പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.
1. മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തവർക്കാണ് 2023-24 സാമ്പത്തികവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. സമാന സ്വഭാവമുള്ള പ്രോജക്ടുകൾക്ക് വർഷാവർഷം ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതില്ലെന്നും, ആയതിലേക്ക് ആവശ്യമായ ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച് നൽകിയ ഗുണഭോക്തൃപട്ടികയിൽ നിന്ന് വേണം തെരെഞ്ഞെടുക്കേണ്ടതെന്നും പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ (ഖ.12.3.14) വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, പുതിയ പട്ടിക തയ്യാറാക്കിയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.
മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി- 8/27.09.24

1-17 "ആർദ്രം" പദ്ധതി നിർവഹണത്തിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആർദ്രം പദ്ധതി-ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, സ്റ്റാഫ് നേഴ്സ്, ഫർമസിസ്റ്റ്, ലാബ് ടെക്നിഷ്യൻ എന്നിവർക്കുള്ള വേതനം നൽകൽ എന്ന പദ്ധതി (81/24(New), (296/24(Spillover) നടപ്പാക്കിയിട്ടുണ്ട്. ചെലവ് വിശദംശങ്ങൾ ചുവടെ ചേർക്കുന്നു .
81/24(New)-വികസന ഫണ്ടിൽ നിന്നും 1309407/-രൂപ വകയിരുത്തിയ പദ്ധതിക്കായി 1065151/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ബിൽ നമ്പർ,തീയതി	ചെലവ് തുക(₹)
01/2023-24–04/05/2023	98920/-
02/2023-24–07/06/2023	95600/-
04/2023-24–30/06/2023	95600/-
05/2023-24–02/08/2023	124400/-
11/2023-24–24/08/2023	11000/-
12/2023-24–14/09/2023	102200/-

14/2023-24–06/10/2023	102200/-
16/2023-24–09/11/2023	102200/-
18/2023-24–04/12/2023	95373/-
21/2023-24–04/01/2024	73200/-
25/2023-24–02/02/2024	62458/-
28/2023-24–29/02/2024	51000/-
30/2023-24–26/03/2024	51000/-

296/24(Spill Over) വികസന ഫണ്ടിൽ നിന്നും 124400/-രൂപ വകയിരുത്തിയ പദ്ധതിക്കായി 124400/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

ബിൽ നമ്പർ/ തീയതി	ചെലവ് തുക
08/2023-24, 06/07/2023	124400/-രൂപ

പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.
പതിനാലാം പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും, ഒരു പാരാ മെഡിക്കൽ സ്റ്റാഫിനെയും മാത്രം നിയമിക്കുന്നതിനാണ് സർക്കാർ അനുമതിയുള്ളത്. എന്നാൽ മേൽ പറഞ്ഞ പദ്ധതിയിൽ മാങ്കോട് പി.എച്ച്. സിയിൽ ഒരേ സമയം ഒരു സ്റ്റാഫ് നഴ്സിനെയും, ഒരു ഫർമസിസ്റ്റനെയും നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും, പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച 25.10.2023 ലെ ത.സ്വ.ഭ.വ.എ.1/363/2023 നമ്പർ സർക്കുലറിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കാവുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്.

ബിൽ നമ്പർ/ തീയതി	**പേര്/തസ്തിക**	**വേതനം (രൂപ)**
01/2023-24– 04/05/2023	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	4,800/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	22,200/-
05/2023-24–02/08/2023	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	28,800/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	22,200/-
08/2023-24-06/07/2023	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	28,800/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	22,200/-
11/2023-24–24/08/2023	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	2,750/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	2,750/-
12/2023-24–14/09/2023	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	28,800/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	22,200/-
14/2023-24– 06/10/2023	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	28,800/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	22,200/-
16/2023-24–09/11/2023	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	28,800/-
	ഷൈൻ ബഷീർ, ഫാർമസിസ്റ്റ്	22,200/-
18/2023-24–04/12/2023	അജിനഖാൻ വി എം,സ്റ്റാഫ് നേഴ്സ്	28,800/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	22,200/-
21/2023-24-04/01/2024	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	28,800/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	22,200/-
25/2023-24–02/02/2024	അജിനഖാൻ വി എം, സ്റ്റാഫ് നേഴ്സ്	28,800/-
	ഷംന ഷംസുദീൻ, ഫാർമസിസ്റ്റ്	11,458/-
ആകെ		**4,29,758/-**

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധിക ജീവനക്കാരെ നിയമിച്ച് വേതനം നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ എൻകയറിക്ക് മറുപടിയായി ടി കാലയളവിൽ സ്ഥാപനത്തിൽ ഫർമസിസ്റ്റിന്റെ സേവനം ലഭ്യമല്ലായിരുന്നു, എന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ആണ് നിയമനം നടന്നതെന്നും പറയുന്നു. എന്നാൽ നിയമനത്തിന്റെ കാലയളവ് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ മറുപടിയിൽ ഇല്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 4,29,758/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകയറി നം.-11/28.09.2024
തടസ്സപ്പെടുത്തുന്ന തുക -4,29,758/-രൂപ

1-18 ലൈഫ് ഭവന പദ്ധതി - ഫയൽ കൃത്യമായി പരിപാലിക്കുന്നില്ല

2023-24 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിക്കായി വിവിധ പ്രോജക്ടുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. 21/12/2018 സ.ഉ. (ആർ.ടി) 3218/2018 പ്രകാരം കരാർ വയ്ക്കുമ്പോൾ 40000/-രൂപ, ബേസ്മെന്റ് പൂർത്തിയാകുമ്പേൾ 160000/-രൂപ, ലിന്റൽ പൂർത്തിയാകുമ്പോൾ 100000/-രൂപ, ഭവന നിർമ്മാണം പൂർത്തിയാകുമ്പോൽ 100000/-രൂപ എന്നിങ്ങന 400000/-രൂപ അനുവദിക്കുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ബേസ്മെന്റ്, ലിന്റൽ, കംപ്ലീഷൻ എന്നീ ഘട്ടങ്ങളുടെ സ്റ്റേജ് സർട്ടിഫിക്കറ്റ്, ഫോട്ടോ എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഭവന പദ്ധതി പൂർത്തീകരണത്തിന് 400000/-രൂപ അനുവദിച്ചിട്ടുള്ളതും വ്യക്തമായ സ്റ്റേജ് സർട്ടിഫിക്കറ്റ്/ഫോട്ടോ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതുമായ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന പൂർത്തീകരണത്തെ തുടർന്ന് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫോം 6 ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകപയറിക്ക് മറുപടിയായി കെട്ടിട നമ്പർ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നം	പേര്/വിലാസം	രജിസ്റ്ററിലെ ക്രമ നമ്പർ	ആകെ അനുവദിച്ച തുക(രൂപ)
1	സീനത്ത്, ചേലക്കര പുത്തൻ വീട്	105	400000/-
2	രജികുമാർ, ലക്ഷ്മി നിവാസ്	109	400000/-
3	ശോഭന കുമാരി, രമ്യ ഭവൻ	117	400000/-
4	ഗീത, ലക്ഷ്മി ഭവനം	120	400000/-
5	റഷീദ, സജീവ് മൻസിൽ	107	400000/-
6	സുമംഗലി, പാലവിള വീട്	10	400000/-
7	ബീന റഷീദ്, പാലവിള വീട്	113	460000/-
8	തങ്കമ്മ, ആലുവിള വീട്	118	400000/-
9	ബീന, തെക്കടത്ത്	124	300000/-

ക്രമ നമ്പർ9 ബീന, തെക്കടത്തിന്റെ ഫയലിൽ ബേസ്മെന്റ് ഫോട്ടോ മാത്രമാണ് ഉള്ളത്, എന്നാൽ ആകെ 300000/-രൂപ അനുവദിച്ചിട്ടുണ്ട്. ലൈഫ് ഭവന നിർമ്മാണത്തിന് ഗഡുക്കൾ അനുവദിക്കുമ്പോൾ ആവശ്യമായ രേഖകളെല്ലാം പരിശോധിക്കുവാനും, പ്രസ്തുത രേഖകൾ ഫയലിൽ ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകപയറി നം-29/01-11-2024

1-19 അങ്കണവാടി പോഷകാഹാരം- കേന്ദ്രവിഹിതമായി ലഭിച്ച 93187/-രൂപ നഷ്ടമായി

അനുപൂരക പോഷകാഹാരത്തിന്റെ ചെലവിനത്തിലും, അങ്കണവാടികളുടെ അനുബന്ധ സൌകര്യ വികസനത്തിനുമായി അനുവദിച്ച കേന്ദ്ര വിഹിതത്തിൽ നിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ട്രഷറി അക്കൌണ്ടിൽ (STSB A/C No.799011400006866) നിക്ഷേപിച്ച തുകയിൽ 31.03.2024 വരെ ചെലവഴിക്കാതെ അവശേഷിച്ച 93187/-രൂപ Redumption ഇനത്തിൽ സംസ്ഥാനസർക്കാർ തിരികെ എടുക്കുകയും, നാളിതുവരെ ടി തുക തിരികെ ലഭിച്ചിട്ടില്ലാത്തതുമാണ്. 2021-22 ൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും Nirmalyam Nutrimix Unit, Punalur എന്ന സ്ഥാപനത്തിന് നൽകുന്നതിനായി 25-03-2022 ലെ ചെക്ക് നം. 2916996 പ്രകാരം ICDS സൂപ്പർവൈസറുടെ പേരിലുള്ള STSB A/C No.799011400006866-ലേക്ക് 3,01,513/-രൂപ ട്രാൻസ്ഫർ ചെയ്ത തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച തുകയാണ് Redumption ഇനത്തിൽ തിരികെയെടുത്തത്. ധനകാര്യ വകുപ്പിന്റെ 16/11/2017 ലെ സ.ഉ.(പി) നം 147/2017 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് DBT ചെയ്യുന്നതിനായി ട്രഷറിയിൽ IFMS സംവിധാനം ഉപയോഗപ്പെടുത്തണം എന്ന് നിർദ്ദേശമുണ്ടായിരിക്കെ അക്കൗണ്ടിൽ അനധികൃതമായി പണം സൂക്ഷിച്ച് ഇടപാട് നടത്തുകയും, അവശേഷിച്ച തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയതിനും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. കേന്ദ്രവിഹിതത്തിൽ നിന്നും നഷ്ടമായ തുക തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥയും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകപയറി 23/01.10.2024

1-20 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - സമയബന്ധിതമായി പൂർത്തീകരിക്കണം.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 477/17-7ൽ ഉൾപ്പെടുന്ന 02 ഏക്കർ 2.853 സെന്റ് സ്ഥലത്ത് രണ്ട് സെല്ലാർ നിലകൾ ഉൾപ്പെടെ 5 നിലകളിലായി 15325.31 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (പ്രോജക്ട് നം. 193/18). പത്തനാപുരം പട്ടണത്തിന്റെ മധ്യഭാഗത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം 2017-18 ൽ തുടങ്ങി മൂന്ന് വർഷങ്ങളിലായി പൂർത്തീകരിക്കാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ആണ് പദ്ധതിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത്. (എഗ്രിമെന്റ് നം. 44/AE/LSGD/PTPM/18-19 തീയതി-05.09.2018) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1698/2018 ത.സ്വ.ഭ.വ തീയതി 22.06.2018 പ്രകാരം,

മേൽ പരാമർശിച്ച 2 ഏക്കർ 2.853 സെന്റ് സ്ഥലത്തിന്റെ ജാമ്യത്തിൽ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 21,15,00,000/-രൂപ 11% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി. ഇതിനു പുറമേ പഞ്ചായത്ത് ഫണ്ടിൽ നിന്നും വകയിരുത്തിയ 2,35,00,000/-രൂപയും ചേർത്ത് 23.5 കോടി രൂപയായിരുന്നു പദ്ധതിയുടെ പ്രാരംഭ അടങ്കൽ തുക. തുടർന്ന് നിർമ്മാണ ഘട്ടത്തിൽ പദ്ധതി എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടിവന്നതിനാൽ, 23.50 കോടിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ചീഫ് എൻജിനീയറുടെ 10.01.2022 ലെ CE/DB3/DB1/12493/17/CE/LSGD കത്ത് പ്രകാരം അംഗീകാരം ലഭിച്ചു. (അധിക ഇനങ്ങൾ-ഇലക്ട്രിക്കൽ പ്രവൃത്തികൾ, അഗ്നിശമന സംവിധാനം, ലിഫ്റ്റ് സ്ഥാപിക്കൽ). ഇതിനെ തുടർന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ഗ്രാമപഞ്ചായത്ത് സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടു (എഗ്രിമെന്റ് നം.05/AE/PTPM/2022-23 തീ-12.04.2022). ഇതനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ 2022 ജൂലൈയിൽ പൂർത്തീകരിക്കേണ്ടതായിരുന്നു.

കോവിഡ് 19 മൂലം സാമ്പത്തിക പ്രതിസന്ധിയിലായ കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് ലോൺ തുക അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായതിനാൽ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സ.ഉ (സാധാ)നം 1188/2022/ത.സ്വ.ഭ.വ. തീയതി 10-05-2022 പ്രകാരം സർക്കാർ അനുമതി ലഭിച്ചു. കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും ലഭിച്ച വായ്പാത്തുക ടേക്ക് ഓവർ ചെയ്ത് തിരിച്ചടവാക്കുന്നതിനുൾപ്പെടെ 31.15 കോടി രൂപയാണ് വായ്പാത്തുകയായി അനുവദിച്ചത്.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള (11.9.2023) ചെലവുകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	വർഷം	തുക (രൂപ)
1	2019-20	7,74,71,881/-
2	2020-21	6,51,52,353/-
3	2021-22	39,53,197/- (മുൻ വർഷ റിപ്പോർട്ടിൽ തുക 1,95,78,249/-രൂപ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല. ടി തുകയിൽ 1,56,25,052/- രൂപ പിൻവലിച്ചിട്ടുള്ളത് 2022-23 വർഷത്തിലാണ്. ടി തുകയും ചേർന്ന തുകയാണ് 2022-23 ലെ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്)
4	2022-23	5,14,72,178/-
5	2023-24	3,54,88,487/-
	ആകെ	**23,35,38,096/-**

വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണെന്നും, നിലവിൽ 85% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുമാണ്. മറുപടി പ്രകാരം ഇലക്ട്രിക്കൽ പാനൽ പ്രവൃത്തികൾ, പെയിന്റിംഗ്, പാർക്കിംഗ് ഏരിയ മാർക്കിംഗ്, ഫൈനൽ ഫയർ എൻ.ഒ.സി, DG Fitting, ബാക്കിയുള്ള ഒരു ലിഫ്റ്റ് ഫിറ്റിംഗ്, കെ.എസ്.ആർ.ടി.സി സൈഡ് കനോപ്പി ഷീറ്റ് റൂഫിംഗ് എന്നിവ മാത്രമാണ് ഇനി പൂർത്തിയാക്കാനുള്ളത്. 2024 ഡിസംബർ മാസത്തോടെ വാണിജ്യ സമുച്ചയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും എന്നും അറിയിച്ചിട്ടുണ്ട്.
ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കി വരുന്നുണ്ട്. 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.
1. ഷോപ്പിംഗ് കോംപ്ലക്സ് ഹൈടെൻഷൻ ഇൻസ്റ്റലേഷൻ വർക്സ് (പദ്ധതി നം.196/24)-27,60,590/-രൂപ (ലോൺ തുക)
2. ഷോപ്പിംഗ് മാൾ അവസാനഘട്ട പ്രവൃത്തികൾ (പദ്ധതി നം.209/24)-3639056/-രൂപ (ലോൺ തുക)
3. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (പദ്ധതി നം.233/24)-10147813/-രൂപ (ലോൺ തുക)
4. ഷോപ്പിംഗ് മാൾ അധിക പ്രവൃത്തികൾ (പദ്ധതി നം.233/24)-18941028/-രൂപ (ലോൺ തുക)
……
ആകെ-35488487/-രൂപ

ഇത്തരത്തിൽ 2023-24 വരെ 23,35,38,096/-രൂപ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. 75% പണികൾ പൂർത്തീകരിച്ചിട്ടുള്ളതായി അസി.എഞ്ചിനീയർ, LSGD വിശദീകരിച്ചിട്ടുണ്ട്.

കെ.എഫ്.സി-യിൽ നിന്നുള്ള വായ്പയുടെ പലിശ ഇനത്തിൽ 2023 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി വരെ വരെ പ്രതിമാസ തവണകളായി ചുവടെ ചേർക്കും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

ക്രമ നം.	മാസം	ഒടുക്കിയ പലിശ (രൂപ)	വൌച്ചർ നം.ചെക്ക് നം./ തീയതി
1	3/23	1436218/-	22300025/03.04.23

2	4/23	1390879/-	223000103/02.05.23
3	5/23	1436698/-	22300201/01.06.23
4	6/23	1467728/- 11015 (Other Charges)	22300298/01.07.23 20300324/06.07.23
5	7/23	1597224/-	22300410/02.08.23
6	8/23	1788326/-	22300576/01.09.23
7	9/23	1745169/-	22300583/26.09.23
8	10/23	1822838/-	22300640/01.11.23
9	11/23	1778152+ 10500 (Other Charges)	22300747/01.12.23
10	12/23	1837339/-	22300880/01.01.24
11	1/24	1856141/-	22300927/01.02.24
12	2/24	1783189/-	22301103/02.03.24
	ആകെ	**1,99,61,416/- രൂപ(19939901(പലിശ+21515(Other Charges)**	

വാണിജ്യ സമുച്ചയവുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ അപൂർണ്ണമാണ്. പ്രസ്തുത രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. 2020-21 സാമ്പത്തിക വർഷം വാണിജ്യ കെട്ടിടസമുച്ചയത്തിന്റെ വിവിധ മുറികൾ ലേലംകൊണ്ട് തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതിന്റെ വിവരം, ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമായത് ചുവടെ ചേർക്കുന്നു.

1. Ground Floor-G1 മുതൽ G 23 വരെയുള്ള റൂമുകളിൽ 20 റൂമുകളുടെ ലേലം നടന്ന് ഡെപ്പോസിറ്റ് തുക ഒടുക്കിയിട്ടുണ്ട്.

2. First Floor -F1 മുതൽ F38 വരെയുള്ള റൂമുകളിൽ 37 റൂമുകളുടെ ലേലം നടന്ന് ഡെപ്പോസിറ്റ് തുക ഒടുക്കിയിട്ടുണ്ട്.

3. Second Floor-S1 മുതൽ S8 വരെയുള്ള റൂമുകളിൽ 8 റൂമുകളുടെ ലേലം നടന്ന് ഡെപ്പോസിറ്റ് തുക ഒടുക്കിയിട്ടുണ്ട്.

4. T1,T2,T3-ആശീർവാദ് സിനിപ്ലക്സ് ലേലത്തിൽ പങ്കെടുത്ത് ഡെപ്പോസിറ്റ് തുക ഒടുക്കിയിട്ടുണ്ട്

മേൽ ഡെപ്പോസിറ്റ് തുകകളിൽ കൂടുതൽ എണ്ണം ഡെപ്പോസിറ്റുകളും Refunded എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സാക്ഷ്യപ്പെടുത്തലുകളില്ലാത്തതിനാൽ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.18/30.9.24)മറുപടി ലഭ്യമാക്കിയിട്ടുള്ളത് വാണിജ്യസമുച്ചയത്തിൽ ലേലം പിടിച്ചിട്ടുള്ളതും, നിലവിൽ തുടരുന്നതുമായ മുറികളുടെ വിവരമാണ്. ലഭ്യമാക്കിയ വിവരം താഴെ ചേർക്കുന്നു.

1. Ground Floor	G4, G12, G20, Kiosk 1,2
2. First Floor	F3, F26
3. Second Floor	S2, S3, S5, S6
4. T1,T2,T3	Ashirvad Films

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിലുള്ള വരവ്, അവയുടെ Refund എന്നിവയുടെ വിവരങ്ങൾ കൃത്യമല്ല. ഇക്കാര്യത്തിൽ അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

